പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5972 — 28.03.2018 ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിൽ പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ഈ കാലയളവിൽ ആരംഭിച്ചിട്ടില്ല. |
| (ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ നിന്നുമാണ് പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത് ; | (ബി) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ, പനങ്ങാട്, അത്തോളി, കോട്ടൂർ, കൂരാച്ചുണ്ട് എന്നീ പഞ്ചായത്തുകളിൽ നിന്നുമാണ് പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത്. |
| (സി) ഈ അപേക്ഷയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) നടുവണ്ണൂർ പഞ്ചായത്തിലെ കാവിൻ പാലിയത്ത് കുന്ന്, കരുവണ്ണൂർ എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠന റിപ്പോർട്ടും, പനങ്ങാട്, കോട്ടൂർ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്ന് അനുകൂല തീരുമാനവും ലഭ്യമായിട്ടില്ല. അത്തോളി ഗ്രാമപഞ്ചായത്തിലെ കൂമുള്ളിയിൽ മാവേലി സ്റ്റോർ എത്രയും വേഗം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ